**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3982** — **16/05/2017-ൽ മറുപടിയ്ക്ക്**

# ലൈഫ് മിഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.എം. മുകേഷ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാരോ സന്നദ്ധ സംഘടനകളോ നിർമ്മിച്ച് നൽകിയിരുന്നതും കാലപ്പഴക്കം കൊണ്ട് അപകടാവസ്ഥയിലായി വാസയോഗ്യമല്ലാതായി തീർന്നിട്ടുള്ളതുമായ കെട്ടിട സമുച്ചയങ്ങളിൽ താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ലൈഫ് മിഷൻ പദ്ധതിയിൻ കീഴിൽ സുരക്ഷിത ഭവനങ്ങൾക്കായി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാന സർക്കാരോ സന്നദ്ധ സംഘടനകളോ നിർമ്മിച്ചുനൽകിയിരുന്നതും കാലപ്പഴക്കം കൊണ്ട് അപകടാവസ്ഥയിലായി വാസയോഗ്യമല്ലാതായി തീർന്നിട്ടുള്ളതുമായ കെട്ടിട സമുച്ചയങ്ങളിൽ താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ലൈഫ് മിഷൻ പദ്ധതിയിൻ കീഴിൽ സുരക്ഷിത ഭവനങ്ങൾക്കായി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കും. ലൈഫ് മിഷൻ പദ്ധതിയിൽ വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്നവർക്ക് വാസയോഗ്യമായ ഭവനം നൽകുന്നതിന് ലക്ഷ്യമിടുന്നു. |
| (ബി) | അപകടാവസ്ഥയിലായ പ്രസ്തുത കെട്ടിടങ്ങൾ നവീകരിക്കുന്നതിനോ നവീകരിക്കാൻ കഴിയാത്തവ പൊളിച്ചുമാറ്റി പ്രസ്തുത സ്ഥലത്തു തന്നെ പുതിയ കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിനോ നടപടി | (ബി) | അപകടാവസ്ഥയിലായ പ്രസ്തുത കെട്ടിടങ്ങൾ നിലനിൽക്കുന്ന സ്ഥലം സന്നദ്ധ സംഘടനകളുടെതാണെങ്കിൽ, പ്രസ്തുത സ്ഥലം സർക്കാരിന് കൈമാറുകയാണെങ്കിൽ, ലൈഫ് മിഷൻ പദ്ധതിയുടെ കീഴിൽ ഗുണഭോക്താക്കൾക്കായി കെട്ടിട |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ; | | സമുച്ചയങ്ങൾ നിർമ്മിച്ചുനൽകുന്നതാണ്. |
| (സി) | കൊല്ലം നിയോജക മണ്ഡലത്തിൽ കൊല്ലം കോർപ്പറേഷൻ പള്ളിത്തോട്ടം ഡിവിഷനിൽ സ്ഥിതി ചെയ്യുന്ന ക്യൂ.എസ്.എസ്. കോളനിയിലെ അപകടാവസ്ഥയിലായ കെട്ടിടങ്ങൾ നവീകരിക്കുന്നതിനോ, നവീകരിക്കാൻ കഴിയാത്തവ പൊളിച്ചുമാറ്റി പ്രസ്തുത സ്ഥലത്തു തന്നെ പുതിയ കെട്ടിടസമുച്ചയം നിർമ്മിക്കുന്ന കാര്യമോ ലൈഫ് മിഷൻ പദ്ധതിയിൻ കീഴിലോ വകുപ്പിന്റെ മറ്റേതെങ്കിലും പദ്ധതിയിൻ കീഴിലോ പരിഗണിക്കാൻ സാധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | പ്രപ്പോസൽ ലഭിച്ചാൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ